I ഇ.ബി. XIV - കേരള നിയമസഭ/II-6

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 03, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ യു.ഡി.എഫ് അംഗങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ വേദിയുടെ അടുത്ത് വന്ന് ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 8.38-ന് നിർത്തിവച്ച സഭ 9. 39 - ന് പുനരാരംഭിച്ചു )

## I പ്രസ്താവന

മി. സ്പീക്കർ: ബഹുമാന്യരായ നിയമസഭാ സാമാജികർ സഭാ കവാടത്തിൽ തുടരുന്ന സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കക്ഷിനേതാക്കളുമായി നടന്ന ചർച്ചയിൽ പ്രശ്ന പരിഹാരത്തിനും സമവായത്തിനും പൂർണ്ണമായി സാധിച്ചിട്ടില്ലെങ്കിലും ചർച്ച സൗഹാർദ്ദപരമായിരുന്നു. സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള സഹകരണം ഇരുവിഭാഗത്തോടും അഭ്യർത്ഥിക്കുകയും അതിനോട് യോജിക്കുകയും ചെയ്തു. നയങ്ങളിലുള്ള അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കാനുള്ള വേദിയാണ് സഭ. സഭാ നടത്തിപ്പ് ജനാധിപത്യ വ്യവസ്ഥിതിയുടെ പ്രാഥമികമായ കാര്യമായതിനാൽ സഭാനടപടികൾ തടസ്സപ്പെടുത്താതിരിക്കാൻ എല്ലാ സാമാജികരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സഭാ നടപടികൾ അനിശ്ചിതമായി തടസ്സപ്പെടുത്തുകയും ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാതെ പോവുകയും ചെയ്യുന്നതിനോട് പ്രതിപക്ഷത്തിന് യോജിപ്പില്ല. കേരളത്തിൽ ഉയർന്നുവന്ന കാതലായ ചില പ്രശ്നങ്ങളിന്മേലാണ് പ്രതിപക്ഷത്തിന് സമരത്തിലേയ്ക്ക് കടക്കേണ്ടി വന്നത്. ഗവൺമെന്റിന്റെ പല നിലപാടുകളോടും അഭിപ്രായ വ്യത്യാസമുള്ളതിനാൽ ഇന്നത്തെ സഭാ നടപടികൾ

ബഹിഷ്കരിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ച് പുറത്തു പോയി)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും പ്രസ്താവന നടത്തിയതിനുശേഷം കേരള കോൺഗ്രസിലെ അംഗങ്ങളോടൊപ്പം പുറത്തു പോയി)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്വാശ്രയ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയം ആരോഗ്യവകുപ്പുമന്ത്രി സമരക്കാരുമായി ചർച്ച നടത്തിയിരുന്നുവെങ്കിലും പ്രശ്നം അവസാനിപ്പിക്കുവാനുള്ള നിലപാടല്ല പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. പരിയാരം മെഡിക്കൽ കോളേജിൽ സർക്കാർ ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്ന 50 കുട്ടികളിൽ 20 കുട്ടികൾക്ക് 25,000 രൂപ നിരക്കിലും 30 കുട്ടികൾക്ക് 2,50,000 രൂപ നിരക്കിലുമാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ഈ 30 കുട്ടികളുടെ പ്രശ്നവുമായി ബന്ധപ്പെട്ടാണ് ഇത്തരമൊരു സമരം നടത്താൻ പ്രതിപക്ഷം തയ്യാറായത്. പരിയാരം മെഡിക്കൽ കോളേജ് ഉടൻ തന്നെ സർക്കാർ ഏറ്റെടുക്കുന്നതും കുട്ടികൾക്ക് അധിക ബാധ്യതയില്ലാതിരിക്കാൻ സർക്കാർ ശ്രദ്ധിക്കുന്നതുമാണ്. സ്വാശ്രയ മെഡിക്കൽ കോളേജിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് കോഴ വാങ്ങുന്നതിനെക്കുറിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന പ്രതിപക്ഷ നേതാവിന്റെ ആവശ്യം അംഗീകരിച്ചിട്ടുണ്ട്. പ്രവേശനത്തിന് തെറ്റായ രീതി സ്വീകരിച്ച രണ്ടു

കോളേജുകളുടെ പ്രവേശന നടപടികൾ ജെയിംസ് കമ്മിറ്റി റദ്ദ് ചെയ്തിട്ടുണ്ട്. പ്രതിപക്ഷം ആവശ്യപ്പെട്ടപ്പോഴൊക്കെ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറായിരുന്നു. വിദ്യാർത്ഥികളുടെ താത്പര്യം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ സർക്കാരിന് നിർബന്ധമുണ്ട്.

## II ശ്രദ്ധക്ഷണിക്കൽ

### (1) അനധികൃത ഭൂമി ഏറ്റെടുക്കൽ

ശ്രീ. സി. കെ. ശശീന്ദ്രൻ: സംസ്ഥാനത്ത് വിവിധ വ്യക്തികളും സ്ഥാപനങ്ങളും അഞ്ചു ലക്ഷത്തിലധികം ഏക്കർ സർക്കാർ ഭൂമി നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഇവയിൽ പലതും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയാണ്. വിദേശ കമ്പനികൾക്ക് ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കുന്നതിനും ഏജൻസികൾ മുഖേന കമ്പനി നടത്തുന്നതിനും കേന്ദ്ര സർക്കാരിന്റെയോ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയോ പ്രത്യേക അനുമതി ആവശ്യമായതിനാൽ നിയമം പാലിക്കാതെ കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാർ ഏറ്റെടുക്കണം. കേരളത്തിൽ ഏഴ് ജില്ലകളിലായി ഏക്കർ കണക്കിന് ഭൂമി കൈവശം വച്ചിരിക്കുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡിന് തത്സ്ഥിതി തുടരാനുള്ള അനുവാദം ഹൈക്കോടതി നൽകിയിരിക്കുകയാണ്. വയനാട്ടിൽ ഭൂമി

സർവ്വേ ചെയ്യുന്നതിന് ഹൈക്കോടതി ഏർപ്പെടുത്തിയിരിക്കുന്ന സ്റ്റേ പിൻവലിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. വിദേശികൾ കൈവശം വച്ച ഭൂമി അമാൽഗമേഷൻ ഓഫ് കമ്പനീസ് ആക്ട് പ്രകാരം ആധാരം ചെയ്യാതെ കൈമാറ്റം ചെയ്യുന്നതുമൂലം കോടികണക്കിനു രൂപയാണ് രജിസ്ട്രേഷൻ ഇനത്തിൽ സർക്കാരിന് നഷ്ടമാകുന്നത്. ഇത്തരം ഭൂമികൾ സർക്കാർ ഏറ്റെടുക്കുന്നതിന് വളരെ കാലതാമസം ഉണ്ടാകുമെന്നതിനാൽ പ്രത്യേക നിയമനിർമ്മാണം നടത്തി സർക്കാരിലേക്ക് ലഭ്യമാകേണ്ട മുഴുവൻ ഭൂമിയും ഏറ്റെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ഭൂമി ആധാരം ചെയ്ത് വാങ്ങിയ സാധാരണ കർഷകർക്ക് വസ്തു കൈമാറ്റം ചെയ്യുന്നതിനോ, ലോണെടുക്കുന്നതിനോ കഴിയാത്തതിനാൽ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളും സംഘടനകളും പാട്ടക്കാലാവധി കഴിഞ്ഞും പാട്ടം അടയ്ക്കാതെയും ഭൂമി കൈവശം വച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ അത്തരം ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. വിദേശ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് അന്വേഷണം

നടത്താനും രജിസ്റ്റർ ചെയ്യാത്ത ഭൂമി ഏറ്റെടുക്കാനുമായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരികയാണ്. സാധാരണ കർഷകരെ സംബന്ധിച്ച വിഷയത്തിന്മേൽ നിലവിലുള്ള നിയമവ്യവസ്ഥയ്ക്കനുസൃതമായി മാത്രമേ തീരുമാനമെടുക്കാൻ കഴിയൂവെങ്കിലും ഇക്കാര്യം നിയമപരമായി ആലോചിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

## III സബ്മിഷൻ

### (1) ധനസഹായം

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: മാരായമുട്ടത്ത് ടിപ്പർ ലോറിയിടിച്ച് മരണപ്പെട്ട ബാലുവിന്റെയും വിപിന്റെയും കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനും സ്കൂൾ-ഓഫീസ് സമയങ്ങളിൽ ടിപ്പർ ലോറി നിരത്തിലിറക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : 29-9-2016-ന് രാവിലെ ഒമ്പത് മണിയോടുകൂടി തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം പെട്രോൾ പമ്പിന് സമീപം ടിപ്പർ ലോറിയും മോട്ടോർബൈക്കും കൂട്ടിയിടിച്ച് ബൈക്കിൽ യാത്രചെയ്തിരുന്ന

ബാലു, വിപിൻ എന്നിവർ മരണപ്പെട്ടതിനെത്തുടർന്ന് ടിപ്പർ ഡ്രൈവറെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 30-9-2016-ൽ പാറശ്ശാല എം.എൽ.എ.യും ജില്ലാകളക്ടറും കരാറുകാരന്റെ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഇരു കുടുംബങ്ങൾക്കുമായി മുപ്പത് ലക്ഷം രൂപ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ രേഖകളും ഡ്രൈവറുടെ ലൈസൻസും ഇതുവരെ ഹാജരാക്കിയിട്ടില്ല. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അടിയന്തര സഹായം അനുവദിക്കുന്നതാണ്. ആവശ്യമായ രേഖകളില്ലാതെയും പെർമിറ്റ് ഇല്ലാതെയും ഓടുന്ന വാഹനങ്ങളുടെ പരിശോധന കൂടുതൽ കർശനമാക്കുന്നതാണ്.

(2) <u>ഭാരതപ്പുഴയുടെ സംരക്ഷണം</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ .പി</u>: വ്യാപകമായിക്കൊണ്ടിരിക്കുന്ന കയ്യേറ്റം, മണലെടുപ്പ്, മാലിന്യനിക്ഷേപം എന്നിവ കർശനമായി തടഞ്ഞുകൊണ്ട് ഭാരതപ്പുഴയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടുപ്രകാരം ജലാശയങ്ങളിൽ ഗാർഹിക-വ്യാവസായിക മാലിന്യം പുറന്തള്ളാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ

അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കി കുടിവെള്ളം സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും തദ്ദേശഭരണ സ്ഥാപനങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭാരതപ്പുഴയുടെ ഇരുകരകളിലും സ്ഥിതിചെയ്യുന്ന ഗ്രാമ-നഗര പ്രദേശങ്ങളിലുള്ള മാർക്കറ്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽനിന്നും പുറന്തള്ളപ്പെടുന്ന ജൈവമാലിന്യങ്ങൾ, സ്വീവേജ് എന്നിവ പുഴയുടെ മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണൽ സ്വമേധയാ കേസ്സെടുക്കുകയും മലിനീകരണപ്രശ്നങ്ങൾ പഠിച്ച് അവ തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശിപാർശ ചെയ്യുന്നതിനുമായി നിയോഗിച്ച അഞ്ചംഗ വിദഗ്ധ സമിതിയുടെ ശിപാർശകളിന്മേൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർനടപടി കൈക്കൊള്ളുന്നതുമാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ നിലവിലുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും രണ്ടാം ഘട്ടത്തിൽ ഭാരതപ്പുഴയ്ക്ക് മുന്തിയ പരിഗണന കൊടുത്ത് എല്ലാ നദികളുടെയും സംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) <u>പട്ടയഭൂമി കൈമാറ്റം</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : കെ.ഡി.എച്ച്. വില്ലേജിലെ തോട്ടം തൊഴിലാളികൾക്ക് അനുവദിച്ച പട്ടയഭൂമി കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കുറ്റ്യാർവാലിയിലെ 2300 പേർക്ക് നൽകിയ അഞ്ച് സെന്റ് വീതമുള്ള ഭൂമിയുടെ പട്ടയങ്ങൾ പരിശോധിച്ച് അർഹരായവർക്ക് നിയമാനുസരണം ഭൂമി നൽകുന്നതിനുവേണ്ടി അർഹത തിട്ടപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ദേവികുളം ആർ.ഡി.ഒ.യെയും തഹസിൽദാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പട്ടയങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങളിന്മേൽ വിജിലൻസും ദേവികുളം ആർ.ഡി.ഒ. മുഖാന്തിരവുമുള്ള അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതുമാണ്.

(4) <u>ഇലക്ട്രിക്കൽ സെക്ഷൻ</u>

<u>ശ്രീ. കെ. രാജൻ</u>: രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുത്തൂർ, നടത്തറ എന്നീ സെക്ഷനുകളിലെ ഉപഭോക്താക്കളെ ഉൾപ്പെടുത്തി പീച്ചിയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 25000-ലധികം ആകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 20000-ലധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. റിസർവോയർ ഏരിയ ഉൾപ്പെടെ 140 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 18000 ഉപഭോക്താക്കളും 37 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള നടത്തറ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 16475 ഉപഭോക്താക്കളും 55 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പുത്തൂർ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 13731 ഉപഭോക്താക്കളുമാണുള്ളത്. സെക്ഷൻ വിഭജനത്തിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പട്ടിക്കാട്, പുത്തൂർ, നടത്തറ എന്നീ സെക്ഷനുകൾ വിഭജനത്തിന് പാകമായിട്ടില്ല.

## (5) കെ.എസ്.ഇ.ബി. സബ് ഡിവിഷൻ

ശ്രീ. വി. അബ്ദുറഹിമാൻ : തിരൂർ കെ.എസ്.ഇ.ബി. സബ് ഡിവിഷൻ വിഭജിച്ച് താനൂർ കേന്ദ്രമാക്കി പുതിയ സബ് ഡിവിഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : പുതുതായി സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും പുതിയ സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. നിലവിലുള്ള ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പുന:ക്രമീകരണം നടത്തുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. തിരൂർ ഈസ്റ്റ് സബ് ഡിവിഷൻ വിഭജിച്ച് താനൂർ ആസ്ഥാനമായി പുതിയ സബ് ഡിവിഷൻ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## IV ഗവൺമെന്റ് പ്രമേയം

### സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : " 2013-ൽ പാർലമെന്റ് പാസ്സാക്കുകയും 2013 ജൂലൈ 5-ന് നിലവിൽ വരികയും ചെയ്ത ദേശീയ ഭക്ഷ്യ ഭദ്രത നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. എന്നാൽ നിയമം പൂർണ്ണമായും നടപ്പിൽവരാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന അധിക ധാന്യവിഹിതം കേന്ദ്രം നിർത്തലാക്കിയിട്ടുണ്ട്.

ഇപ്പോൾ എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണംകൂടി അവസാനിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ തീരുമാനം എടുത്തിരിക്കുന്നു. ഇതുമൂലം കേരളത്തിന്റെ പൊതുവിതരണരംഗം അങ്ങേയറ്റം താറുമാറാകുന്ന സാഹചര്യം സംജാതമാകുകയാണ്. സമയബന്ധിതമായി കേന്ദ്രനിയമം നടപ്പിലാക്കുവാൻ തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്രതീരുമാനം പുന:പരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ള കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം തുടർന്നും ലഭ്യമാക്കണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u> : കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുക എന്നുള്ളത് നല്ല കാര്യമാണെങ്കിലും അത്രമാത്രം ധാരാളിത്തം കാണിക്കാനുള്ള സാമ്പത്തിക സ്ഥിതി കേരളത്തിനുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ 2013-ൽ പാസ്സാക്കിയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളം വീഴ്ച

വരുത്തിയിരിക്കുന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ഇത്തരം നടപടി സ്വീകരിച്ചിരിക്കുന്നത്. എ.പി.എൽ. വിഭാഗത്തിനും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്ന സമ്പ്രദായം കേന്ദ്ര സർക്കാരിന് താങ്ങാൻ സാധിക്കില്ല. സംസ്ഥാനത്തിന് അങ്ങനെ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗത്തിന് സബ്സിഡി നൽകാൻ തയ്യാറാണെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തോട് വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തുന്നു.

<u>ശ്രീ. പി. തിലോത്തമൻ</u> : ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനുണ്ടായ കാലതാമസത്തിന് ഉത്തരവാദി ഈ സർക്കാരല്ല. ഈ നിയമം വളരെ വേഗത്തിൽ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുകയല്ല, കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം വീഴ്ച കൂടാതെ നൽകണമെന്ന അഭ്യർത്ഥനയാണ് പ്രമേയത്തിലൂടെ നടത്തുന്നത്.

<u>മി. സ്പീക്കർ</u> : ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടെന്ന് പ്രതിപക്ഷനേതാവ് അറിയിച്ചിട്ടുണ്ട്.

പ്രമേയം സഭ അംഗീകരിച്ചു.

## V റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

## VI ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ
(83,69,83,000 രൂപ)

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
(72,62,47,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : പ്രമേയത്തെ

പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. എം. രാജഗോപാലൻ : ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം നിരാശാജനകമായിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് കേരളത്തെ എത്തിക്കാൻ നടത്തുന്ന ഗവൺമെന്റിന്റെ ശ്രമങ്ങൾ സ്വാഗതാർഹമാണ്. കേന്ദ്ര വൈദ്യുതി നിയമവും കേന്ദ്ര കരട് വൈദ്യുതി നിയമവും കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നവയാണ്. വൈദ്യുതി മേഖലയേയും സമ്പദ്ഘടനയെയും തകർക്കുന്ന നിയമമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. പുതിയ ആണവനിലയങ്ങൾ സ്ഥാപിക്കാത്ത സംസ്ഥാനങ്ങൾക്ക് വൈദ്യുതി വിഹിതം നൽകേണ്ടതില്ലെന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനം പുന:പരിശോധിപ്പിക്കാനും കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരെ ഒറ്റക്കെട്ടായി അണിനിരക്കാനും തയ്യാറാകണം. പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മവും കുറ്റമറ്റതുമായ ആസൂത്രണം, യുദ്ധകാലാടിസ്ഥാനത്തിലുള്ള വേഗത, കാര്യക്ഷമത, മോണിറ്ററിംഗ് എന്നിവ

ആവശ്യമാണ്. നാടിന്റെ വികസനത്തിന് ഊർജ്ജോല്പാദന മേഖലകളെ പരമാവധി പ്രയോജനപ്പെടുത്തുകയും തടസ്സങ്ങളില്ലാതെ ജനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും വേണം. ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ലഘൂകരണം അഭിനന്ദനാർഹമാണ്. 2017 മാർച്ച് മാസത്തോടുകൂടി കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് എത്തിക്കാനുള്ള ഗവൺമെന്റ് ശ്രമം ശ്ലാഘനീയമാണ്.

തുറമുഖവികസനവുമായി ബന്ധപ്പെട്ട് പ്രശംസനീയമായ ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. തുറമുഖങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും വളരെയേറെ പ്രാധാന്യം നൽകിക്കൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. തുറമുഖങ്ങളുടേയും മറ്റ് അനുബന്ധ സൗകര്യങ്ങളുടേയും ഏകീകൃത വികസനവും കേരള മാരിടൈം ബോർഡ് രൂപീകരിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ക്ഷേമപെൻഷനുകൾ കുടിശ്ശിക സഹിതം കൊടുത്തു തീർക്കാനും കശുവണ്ടിത്തൊഴിലാളികളുടെ ദീർഘകാല പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. ജെ. മാക്സി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാധാരണക്കാരായ ജനങ്ങളെ ദ്രോഹിക്കുന്ന നടപടികളും നയങ്ങളുമാണ് കഴിഞ്ഞ

ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ വികലമായ വികസന കാഴ്ചപ്പാടിന്റെ ഫലമായി കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി വിഹിതം നിഷേധിച്ചുകൊണ്ട് സ്വകാര്യ മേഖലയിൽ നിന്നും വൈദ്യുതി വാങ്ങിയതും ഒട്ടേറെ വൈദ്യുത പദ്ധതികൾ നഷ്ടമാക്കിയതും ജല വൈദ്യുതോൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവുംമൂലം കോടികളുടെ നഷ്ടമാണ് കേരളത്തിനുണ്ടാക്കിയിരിക്കുന്നത്. എല്ലാ വീടുകളിലും വൈദ്യുതി എന്ന ലക്ഷ്യം മുൻനിർത്തി വൈദ്യുതി മേഖലയിൽ സമൂലമായ പുരോഗതിക്ക് ഊന്നൽ നൽകിവരുന്ന ഗവൺമെന്റ് നിലപാട് പ്രശംസനീയമാണ്. വിവിധ ചെറുകിട വൈദ്യുതോൽപ്പാദന പദ്ധതികളുടെയും മുടങ്ങിക്കിടക്കുന്ന പ്രസരണ ലൈനുകളുടെയും നിർമ്മാണ-നവീകരണത്തിലൂടെ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സഹായം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി എൽ.ഇ.ഡി. ബൾബ് വിതരണം ചെയ്യുന്നതിനും ഹൈഡൽ ടൂറിസം പദ്ധതിയിലൂടെ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഡാം ടോപ്പ് സോളാർ പദ്ധതിയിലൂടെ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾക്ക് ആധുനിക മുഖം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. കേരളത്തിന്റെ മൊത്തം ഊർജ്ജ സ്ഥാപിതശേഷി വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

പ്രതിമാസം 120 യൂണിറ്റിന് താഴെ ഉപഭോഗമുള്ള ഗാർഹിക-കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വാഗതാർഹമാണ്. കെ.എസ്.ഇ.ബി.-ൽ ജോലി ചെയ്യുന്ന അടിസ്ഥാന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും മതിയായ സുരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. കൊച്ചി തുറമുഖത്തെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും പെൻഷൻകാരുടെയും തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കൊച്ചി തുറമുഖത്തിന്റെ അവകാശമായ ആർ.ജി.സി.റ്റി (രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ) പുന:സ്ഥാപിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: വിഴിഞ്ഞം പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകണം. കേരളത്തിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി എ.പി.എൽ. വിഭാഗക്കാർക്ക് എൽ.ഇ.ഡി. ബൾബ് വിതരണം ചെയ്യുന്നതിന് എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കണം. രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നിലനിൽക്കുമ്പോഴും കേരളത്തിലെ അണക്കെട്ടുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദനത്തിനായി അന്യസംസ്ഥാനങ്ങൾക്ക്

വെള്ളം ദാനം ചെയ്യുന്നതിനെതിരെ മുഖ്യമന്ത്രിതലത്തിൽ ചർച്ച നടത്തി ശക്തമായ നിലപാട് സ്വീകരിക്കണം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തകർച്ചയിലായിരുന്ന വൈദ്യുതി മേഖലയെ സംരക്ഷിച്ച് ജനോപകാരപ്രദമാക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളും സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ കേരളം ഇന്ത്യയ്ക്ക് മാതൃകയാകുന്നതും അഭിനന്ദനാർഹമാണ്. അഴിമതിയും കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനത്തിന് കോടികളുടെ ബാദ്ധ്യതയായിരുന്നു മുൻഗവൺമെന്റ് അടിച്ചേൽപ്പിച്ചത്. ഉപയോഗിക്കാത്ത വൈദ്യുതിക്കുപോലും പണം നൽകേണ്ടതായ അവസ്ഥ, കെ.എസ്.ഇ.ബി.യെ സ്വകാര്യ കമ്പനികൾക്ക് അടിയറവയ്ക്കൽ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കൽ, വൈദ്യുതി ചാർജ്ജ് വർദ്ധന, സൗജന്യ കണക്ഷൻ നിർത്തലാക്കൽ എന്നിവ യു.ഡി.എഫ്. ഗവൺമെന്റിന്റെ തെറ്റായ നയങ്ങളായിരുന്നു. കൊടുങ്ങല്ലൂർ മേഖലയിൽ പുരാവസ്തുവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുസ്സിരിസ് പദ്ധതി, ചേരമാൻ പള്ളി, അഴീക്കോട് സെന്റ് തോമസ് പള്ളി, കൊടുങ്ങല്ലൂർ അമ്പലം, ജൂതന്മാരുടെ സിനഗോഗ് എന്നിവ സംരക്ഷിച്ച് മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. സി. കെ. നാണു:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി' എന്ന സർക്കാർ നടപടി അഭിനന്ദനാർഹമാണ്. കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ജലവൈദ്യുത പദ്ധതികൾക്കുവേണ്ടിയുള്ള ജലസ്രോതസ്സുകൾ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ സൗരോർജ്ജം, കാറ്റ് എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ആൻസലൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാതിരിക്കാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ തുറമുഖങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനുവേണ്ടി അവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. 2017 മാർച്ച് 31-ാം തീയതിയോടെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വൈദ്യുതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന അഴിമതികളെല്ലാം അന്വേഷണവിധേയമാക്കണം. നെയ്യാറ്റിൻകര ഇലക്ട്രിക് സെക്ഷൻ ഓഫീസിന് കീഴിൽ പെരുമ്പഴുതൂർ കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക് ഡിവിഷനും പ്രാന്തപ്രദേശങ്ങളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് പുതിയൊരു വൈദ്യുതി സബ്സ്റ്റേഷനും ആരംഭിക്കണം. നഗരപ്രദേശങ്ങളിൽ

അണ്ടർ കേബിൾ സിസ്റ്റം കൊണ്ടുവരുന്നതിനും പറമ്പുകളിലും മറ്റും വീട് വയ്ക്കുന്നതിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി ലൈനുകൾ റോഡുകളിലും പാതകളിലുമായി ക്രമീകരിക്കുന്നതിനും അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. സി. മമ്മത് കോയ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക ഘടനയിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന തുറമുഖങ്ങളുടെ വികസനത്തിനും അഭിവൃദ്ധിക്കുംവേണ്ടി പദ്ധതികൾ ആവിഷ്കരിക്കണം. വിഴിഞ്ഞം പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം. പോർട്ടുകളുടെ വികസനത്തിന് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2017 മാർച്ച് മാസത്തോടുകൂടി രാജ്യത്തെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളം മാറുകയാണ്. മുൻ ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് 36 മെഗാവാട്ട് വൈദ്യുതി മാത്രം അധികമായി

ഉൽപ്പാദിപ്പിക്കുകയും കടം 5700 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിലെ സ്വകാര്യ വൈദ്യുതോല്പാദകരിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയാണ് കഴിഞ്ഞ സർക്കാർ കമ്മി നികത്തിയിരുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലം വൈദ്യുതിചാർജ് വർദ്ധനവിലൂടെ 3000 കോടി രൂപയുടെ അധികഭാരമാണ് ഉപഭോക്താക്കൾ വഹിക്കേണ്ടിവന്നത്. മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുവരികയാണ്. ഊർജ്ജ ഇറക്കുമതി ഘട്ടത്തിൽ വിതരണശേഷി കൂട്ടാൻ പവർഗ്രിഡ് കോർപ്പറേഷന്റെ സഹായത്തോടെ ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് പ്രോജക്ട് സ്ഥാപിക്കാനും 400 കെ.വി. ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈൻ പൂർത്തിയാക്കാനും കൈക്കൊണ്ട നടപടി സ്വാഗതാർഹമാണ്. കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയും ബാണാസുരസാഗറിൽ 400 കിലോവാട്ട് ഡാം ടോപ്പ് സൗരോർജ്ജ നിലയവും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. സോളാർ പാനലുകൾ സ്ഥാപിച്ച് സർക്കാർ ഓഫീസുകൾക്കാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി അഭിനന്ദനീയമാണ്. സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായും അല്ലാത്തവർക്ക് 75 ശതമാനം സബ്സിഡിയോടുകൂടിയും ഗുണനിലവാരമുള്ള സോളാർ പാനലുകൾ ലഭ്യമാക്കിക്കൊണ്ട് കേരളത്തെ വൈദ്യുതി സ്വയംപര്യാപ്ത സംസ്ഥാനമാക്കി

മാറ്റണം. കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കാനും മറ്റ് അനുബന്ധ സൗകര്യങ്ങളൊരുക്കാനുമുള്ള തീരുമാനം ശ്രദ്ധേയമാണ്. കൊച്ചി കപ്പൽ നിർമ്മാണശാല സംരക്ഷിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം.

<u>ശ്രീ. എ. എം. ആരിഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് തുടക്കം കുറിച്ചതും ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിച്ചതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം. വൈദ്യുതി വകുപ്പിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കണം. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന വീടുകൾക്കുമുകളിൽക്കൂടിപ്പോകുന്ന ഹെവി ഇലക്ട്രിക് ലൈനുകൾ വൈദ്യുതി ബോർഡിന്റെ ചെലവിൽ മാറ്റിസ്ഥാപിക്കണം. സെൻസിറ്റീവ് മേഖലകളിലെ ഊർജ്ജോൽപ്പാദന സംരക്ഷണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. ആലപ്പുഴ പോർട്ട് വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): 2017 മാർച്ച് മാസത്തോടുകൂടി കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ

സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. നിർമ്മാണം പൂർത്തീകരിച്ച വീടുകൾക്ക് താൽക്കാലിക നമ്പർ നൽകി വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ വൈദ്യുതി ശൃംഖല എത്തിക്കാൻ സാധ്യമല്ലാത്ത വിദൂര കോളനികളിൽ ഡീസെൻട്രലൈസ്ഡ് ആന്റ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ ആന്റ് മൈക്രോ ഗ്രിഡ് വഴി വൈദ്യുതി എത്തിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകൾ വയറിംഗ് ചെയ്യുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ഫണ്ടുകൾ, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾവഴി പണം സ്വരൂപിക്കുന്നതാണ്. പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുന്നതിനുമായി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ, 40 മെഗാവാട്ടിന്റെ തോട്ടിയാർ പദ്ധതി എന്നിവയിലെ തടസ്സങ്ങൾമാറ്റി നിർമ്മാണം പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 149 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 14 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ഒരു വർഷത്തിനകം ആരംഭിക്കുന്നതാണ്. നിർമ്മാണം ആരംഭിച്ച ഭൂതത്താൻകെട്ട്, പെരുന്തേനരുവി, അപ്പർകല്ലാർ, പെരിങ്ങൽക്കുത്ത്, കക്കയം

തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. മൂന്നുവർഷത്തിനകം ഊർജ്ജമേഖലയിൽ 300 മെഗാവാട്ടിലധികം ശേഷിവർദ്ധനവ് കൈവരിക്കാനുതകുന്ന പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുറമെ 200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മറ്റൊരു സോളാർപാർക്കുകൂടി സ്ഥാപിക്കുന്നതാണ്. കെ.എസ്.ഇ.ബി.യുടെയും മറ്റും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വികേന്ദ്രീകൃത സോളാർ പദ്ധതികൾ ആരംഭിക്കുന്നതാണ്. 2017 മാർച്ച് മാസത്തിനുള്ളിൽ 21 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കുന്നതിനും പാലക്കാട്, ഇടുക്കി ജില്ലകളിലായി കാറ്റിൽനിന്നും നൂറ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം, വൈദ്യുതി തടസ്സം എന്നിവ പരിഹരിക്കുന്നതിന് കിഫ്ബി-യുടെ സഹായത്തോടെ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ബൃഹത്പദ്ധതിക്ക് രൂപം നൽകുന്നതാണ്. വൈദ്യുതി തടസ്സങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനും നടപടി സ്വീകരിക്കും. വൈദ്യുതിയുമായി ബന്ധപ്പെട്ട പരാതികൾ 1912 എന്ന ടോൾഫ്രീ

നമ്പർ മുഖേന അറിയിക്കാവുന്നതാണ്. വൈദ്യുതി കണക്ഷനുള്ള അപേക്ഷാഫോറം ഒറ്റ പേജാക്കി നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കണക്ഷൻ ലഭ്യമാക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്ന് കേരള ഇലക്ട്രിസിറ്റി ബോർഡ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നൂറ് ചതുരശ്രമീറ്ററിൽതാഴെ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖയില്ലാതെതന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. കാലവർഷം കുറഞ്ഞതുമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് പവർ എക്സ്ചേഞ്ചുകളിൽനിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനും ജലവൈദ്യുതോൽപ്പാദനം കുറച്ച് ജലസംഭരണികളിൽ വെള്ളം ശേഖരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച്-ജൂൺ മാസങ്ങളിലെ അധിക ഉപഭോഗം കണക്കിലെടുത്ത് 200 മെഗാവാട്ട് വൈദ്യുതികൂടി ഡി.പി. ബിഡ്ഡിംഗ് വഴി ലഭ്യമാക്കിയിട്ടുണ്ട്. 2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നീരൊഴുക്കിലുണ്ടായ ഗണ്യമായ കുറവ് പരിഗണിച്ച് 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ അധികമായി 150 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാലവർഷം കുറഞ്ഞതുമൂലമുള്ള വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിന് ആവശ്യമായ കരുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കായംകുളം താപവൈദ്യുത നിലയത്തിന് ഫിക്സഡ് ചാർജിനത്തിൽ കൂടുതൽ തുക

കൊടുക്കേണ്ടിവരുന്നത് ബോർഡിന് വലിയൊരു ബാദ്ധ്യതയാണ്. ബി.കെ.പി.എൽ. കരാർ പുതുക്കുന്നത് സംബന്ധിച്ച് എത്രയുംവേഗം തീരുമാനത്തിലെത്തുന്നതാണ്. 72.5 ലക്ഷത്തോളം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുകയും തുടർ വിതരണത്തിനായി 20 ലക്ഷം ബൾബുകൾക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു കോടി എൽ.ഇ.ഡി. ബൽബുകൾ ഇ-ടെണ്ടർ വഴി വാങ്ങി വിതരണം ചെയ്യാനുള്ള നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്നു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ മൂന്ന് വർഷത്തിനുള്ളിൽ പൂർണ്ണമായും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പിന്നോക്കം നിൽക്കുന്ന ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിൽ കൂടുതൽ മസ്ദൂർമാരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അനർട്ടിനെ പുന:സംഘടിപ്പിക്കാനും പുനരുദ്ധരിക്കാനും വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി 100 മീറ്റർ ഉയരത്തിലുള്ള നാല് വിൻഡ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അക്ഷയ ഊർജ്ജ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഇന്നൊവേഷൻ പ്രോജക്ടുകൾക്കും മറ്റു

പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇ.എം.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടംകുളം ആണവ നിലയത്തിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് സഹായകരമാകുന്ന ഇടമൺ-കൊച്ചി ലൈൻ വലിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന വിവിധ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. വൈദ്യുതി മേഖലയിൽ കുതിച്ചുകയറ്റം സൃഷ്ടിക്കുന്നതിന് സഹായകരമാകുന്ന വിവിധ പ്രവർത്തനങ്ങളുമായാണ് വൈദ്യുതി ബോർഡും സർക്കാരും മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2015-ൽ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് രൂപീകരണം സംബന്ധിച്ച ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ വീണ്ടും ബിൽ അവതരിപ്പിക്കേണ്ടിവരും. കൊച്ചി തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബേപ്പൂർ, അഴീക്കൽ തുറമുഖത്തെ ചരക്ക് ഗതാഗതം വർദ്ധിപ്പിക്കാനും ബേപ്പൂരിനെ ലക്ഷദ്വീപുമായി ബന്ധപ്പെടുത്തുന്ന യാത്രാക്കപ്പൽ പ്രവർത്തനക്ഷമമാക്കാനുമുള്ള

നടപടികൾ ആരംഭിക്കുന്നതാണ്. ആലപ്പുഴ മറീന, കണ്ണൂർ അഴീക്കൽ തുറമുഖ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ 50 കോടി രൂപയോളം ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചലാവസ്ഥയിലുള്ള തുറമുഖങ്ങളെ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. തുറമുഖ പരിസരത്തുനിന്ന് കപ്പൽയാനം സുഗമമാക്കുന്നതിനും ഉപ്പുരസമുള്ള മണൽ സംസ്കരിച്ച് വിപണനരംഗത്ത് എത്തിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് തുറമുഖത്തെ ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി പൂർത്തിയാകുന്നതോടുകൂടി കണ്ടെയ്നർ ഷിപ്പുകൾ അവിടെ കൊണ്ടുവരാൻ സാധിക്കുന്നതാണ്. കൊല്ലം തുറമുഖത്തുനിന്നും മറ്റ് തുറമുഖങ്ങളിലേയ്ക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ചരക്കിന്റെ ലഭ്യത ഉറപ്പുവരുത്തി അന്തർദേശീയ പ്രാധാന്യമുള്ള വാണിജ്യ കപ്പലുകളുടെ യാത്ര സുഗമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 01.17-ന് പിരിഞ്ഞു)